# 29

# പാപത്തിന്റെ സ്വയ-നശീകരണ സ്വഭാവം

# (വെളിപ്പാട് 9:1-11)

പണ്ട്, പൗലൊസ് പറഞ്ഞു, "പാപത്തിന്റെ ശമ്പളം മരണമത്രെ" (റോമർ 6:23). എങ്ങനെയായാലും, ഇന്ന് ആളുകൾ "പാപത്തെ" നിസാരമായിട്ടാണ് കാണുന്നത്. പുസ്തകത്തിൽ *പാപത്തിന് എന്താണ് സംഭവിച്ചത്?*,[1] ലോകപ്രസിദ്ധനായ മനശാസ്ത്രവിദഗ്ദ്ധൻ കാൽ മെനിഞ്ചർ നിരീക്ഷിച്ചതു അഞ്ചോ അതിലധികമോ ദശാബ്ദങ്ങൾക്കു മുൻപ് ആളുകൾ ഗൗരവമായ പാപങ്ങളായി കണക്കാക്കിയിരുന്നവയെ ഇപ്പോൾ "കുറ്റകൃത്യങ്ങൾ" അല്ലെങ്കിൽ "രോഗങ്ങൾ" ആയിട്ടാണ് കണക്കാക്കുന്നത്, എന്നാൽ മുൻപ് നിസാരമെന്ന് കരുതിയിരുന്നവയെ അതിനു "വിപരീതം" ആയിട്ടാണ് കാണുന്നത്. "ധാർമ്മികമായി അസ്വീകാര്യമായ പെരുമാറ്റങ്ങൾ," "സാമൂഹ്യവിരുദ്ധസ്വഭാവങ്ങൾ," "തെറ്റുകൾ," "അഡ്ജസ്റ്റ് ചെയ്യുവാൻ കഴിയാത്ത," "വേറൊരു ജീവിതശൈലി" - എന്നൊക്കെ വിളിച്ചാലും അവ "പാപം" തന്നെ!

പാപത്തിന്റെ ആശയം ഇഷ്ടമല്ലാത്തതാക്കി തീർത്താലും, പാപസ്വഭാവം മനുഷ്യരിൽ അസന്തുഷ്ടി കൊണ്ടുവരുമെന്നത് ലോകം എത്രമാത്രം ത്യജിച്ചിരിക്കയാണ്! മനുഷ്യർ സമ്മതിച്ചാലും ഇല്ലെങ്കിലും ഇപ്പോഴും പാപിക്ക് തന്റെ പാപത്തിന് കൂലി ലഭിക്കും എന്ന് ദൈവം പറയുന്നു - തണുത്തു മരവിക്കുന്ന മരണത്തിലേക്കും നയിക്കുന്നു (റോമർ 6:23). ആ സത്യം വെളിപ്പാട് 9-ൽ പറഞ്ഞിരിക്കുന്ന ആഴത്തിൽ മറ്റൊരിടത്തും പറഞ്ഞിട്ടില്ല.

നാം ഇപ്പോൾ വെളിപ്പാട് 8 മുതൽ 11 ലെ ഏഴ് കാഹളങ്ങളെ കുറിച്ചാണ് പഠിക്കുന്നത്, ഇതുവരെ നാം പ്രകൃതിയിൽ പാപത്തിന്റെ അനന്തരഫലങ്ങളെ ഊന്നി ആദ്യത്തെ നാല് കാഹളങ്ങളെ കുറിച്ച് നാം പഠിച്ചു. ഈ പാഠത്തിൽ, അഞ്ചാമത്തെ കാഹളം പരിശോധിച്ച് (9:1–11), പാപിയിൽ പാപത്തിന്റെ അനന്തരഫലം ഉളവാക്കുന്നതും നാം കാണും.

"പാപം എങ്ങനെ വ്രണപ്പെടുത്തുന്നു" എന്ന പ്രസംഗത്തിൽ, ജിമ്മി അലൻ പറഞ്ഞത്, പാപം ശരീരത്തെ വ്രണപ്പെടുത്തും, പാപം മനസിനെ വ്രണപ്പെടുത്തും, പാപം മനസാക്ഷിയെ വ്രണപ്പെടുത്തു, പാപം ആത്മാവിനെയും വ്രണപ്പെടുത്തും എന്നാണ്.[2] മറ്റുള്ളവർ ഈ രീതിയിലാണ് പറഞ്ഞത്: പാപം ബാഹ്യമായും, ആന്തരികമായും, നിത്യമായും വേദനിപ്പിക്കും. പാപത്തിന്റെ ഈ എല്ലാ അനന്തരഫലങ്ങളും നമ്മുടെ ഈ വേദഭാഗത്തിൽ കാണാം - ഒന്നുകിൽ പ്രകടിപ്പിച്ചിരിക്കുന്നു, അല്ലെങ്കിൽ അന്തർലീനമാക്കിയിരിക്കുന്നു.

**പാഠം (9:4-6, 10)**

"പുസ്തകത്തിൽ വെച്ച് ഏറ്റവും ഭയാനകവും മർമ്മപ്രധാനവുമായ രംഗങ്ങളിൽ ഒന്നാണ്"[3] 9:1–11 എന്ന് പറയപ്പെട്ടിരിക്കുന്നു. എന്നാൽ വേദഭാഗ

ത്തിലെ വെട്ടുക്കിളിയെ അപോകാലിപ്സിലെ "ഏറ്റവും ഭ്രമാത്മകമായ ജീവി ആയിട്ടാണ് പറഞ്ഞിരിക്കുന്നത്."[4]

നമ്മുടെ വേദഭാഗത്തിലെ ആകർഷണീയമായ വിശദാംശങ്ങളെയെല്ലാം പറയുകയാണെങ്കിൽ പേജുകൾ വളരെയാകും: വീഴുന്ന നക്ഷത്രമായി പറഞ്ഞിരിക്കുന്നത് ആരെയാണ്? എന്താണ് അഗാധകൂപം? ആരാണ് അബദോൻ/അപോലിയോൺ? ഇതുപോലെയുള്ള ചോദ്യങ്ങൾ നമ്മെ കുഴപ്പിക്കുന്നതാണ്, എന്നാൽ ദർശനത്തിന്റെ മൊത്തത്തിലുള്ള ഫലത്തിനാണ് നാം ഊന്നൽ നൽകുന്നത്, അതിനാണ് പ്രാധാന്യമുള്ളത്. ജിം മെക്ഗ്വിഗിൻ പറഞ്ഞതുപോലെ നാം ചിത്രം കാണേണ്ടതിന് പകരം അന്തിമമിനുക്കുപണി മാത്രം കാണും[5]

നാം പഠനം തുടങ്ങുമ്പോൾ, ആദ്യം രംഗം മുഴുവൻ മനസിലേക്ക് കൊണ്ടുവരിക. (പാഠത്തിന്റെ അവസാനം വരുന്ന "അഗാധഗർത്തത്തിൽനിന്നു വരുന്ന വെട്ടുക്കിളികൾ" എന്ന ചിത്രീകരണം നോക്കുക.) വെളിപ്പാട് 9:1-11 വീണ്ടും വീണ്ടും വായിക്കുക. നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ, മുഖ്യചിന്തകളെ കുറിച്ച് നോക്കുക: മനുഷ്യരെ ഉപദ്രവിക്കേണ്ടതിനാണ്; കലശങ്ങളിൽ നിന്ന് ഭയങ്കര ജീവികൾ പുറത്തു വന്നതു (വാ. 4-6, 10). അവ ദൈവത്തിൽ വിശ്വസ്തരായവരെ ഉപദ്രവിച്ചില്ല - അവിശ്വാസികളെ മാത്രം (വാ. 4). അത് അവസാന ന്യായവിധി ആയിരുന്നില്ല: ആ ഉപദ്രവം തൽക്കാലത്തേക്കായിരുന്നു (വാ. 5, 10). അത് മരണത്തിനുള്ളതുമായിരുന്നില്ല (വാ. 5, 6). ആ ചിത്രം അക്ഷരികമായിരുന്നില്ല: അക്ഷരിക വെട്ടുക്കിളികൾ സസ്യവർഗത്തെയാണ് നശിപ്പിക്കുന്നത്, എന്നാൽ ആ ഭയങ്കരജീവികൾ അങ്ങനെയായിരുന്നില്ല (വാ. 4).

ആ വേദഭാഗത്തിലെ മുഖ്യ സന്ദേശം എന്താണ്? ആ വാക്യങ്ങൾ, ചിൽ വ്യാഖ്യാനിക്കുന്നതുപോലെ മുഹമ്മദിന്റെ സൈന്യത്താലോ,[6] അല്ലെങ്കിൽ കോബ്രാ ഹെലികോപ്റ്റർ മുഖേനയുള്ള വാതക പ്രസരണമോ,[7] തുടങ്ങിയ ചരിത്ര സംഭവങ്ങൾ അത് കാണിക്കുന്നില്ല. ഒന്നാമത്, അത്തരം വ്യാഖ്യാനങ്ങൾ ഒന്നാം-നൂറ്റാണ്ടിലെ വായനക്കാർക്ക് ഒരു അർത്ഥവും ജനിപ്പിക്കുന്നില്ല. രണ്ടാമത്, മുഹമ്മദിന്റെ സൈന്യവും കോബ്രാ ഹെലികോപ്റ്ററും ആളുകളെ കൊല്ലുകയാണുണ്ടായത്, എന്നാൽ വെട്ടുക്കിളികൾ അങ്ങനെ ചെയ്തില്ല.

ചില രീതിയിൽ *പാപസ്വഭാവം ദണ്ഡിപ്പിക്കുന്നതാണ്* വെട്ടുക്കിളികൾ എന്ന് മിക്ക എഴുത്തുകാരും സമ്മതിക്കും:

> … മനുഷ്യാത്മാക്കളെ ദണ്ഡിപ്പിക്കുന്നത് അവരുടെ ധാർമ്മികവും ആത്മികവുമായ പരാജയഫലമാണ് നമുക്ക് മുൻപിലുള്ള യാതനയുടെ ചിത്രം.
>
> ദൈവനിയമത്തെ അനുസരിക്കാതിരിക്കുന്നതാണ് പാപം, അതിനെ തുടർന്ന് വഞ്ചനയും മാനസികവും ആത്മികവുമായ യാതനയും വരുന്നു …[8]

> [ഈ വിവരണം] മനുഷ്യരുടെ വ്യക്തിത്വത്തിലേക്ക് തിന്മ കൊണ്ടുവന്ന് അവരുടെ ആത്മാക്കളെ ദണ്ഡിപ്പിക്കുന്നു എന്ന യാഥാർഥ്യമാണ് നൽകുന്നത്. മനുഷ്യർ ആവർത്തിച്ച് ആവർത്തിച്ച് തങ്ങളുടെ മോഹങ്ങൾക്കും, അത്യാഗ്രഹങ്ങൾക്കും കീഴ്പ്പെട്ടു, ദൈവത്തെ ഉപേക്ഷിച്ച് സ്വന്ത ഇഷ്ടം അനുസരിച്ച്, ജീവിക്കുമ്പോൾ അവർക്ക് … യാതനകൾ അനുഭവപ്പെടും …[9]

> ദൈവത്തോട് മൽസരിച്ച് ജീവിക്കുന്ന ആളുകൾ തങ്ങളുടെ പാപത്തിന്റെ അനന്തരഫലമായി അനുഭവിക്കേണ്ടി വരുന്നതിന്റെ ഒരു യഥാർത്ഥ ചിത്രമാണ് ഇത്.[10]

തങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന റോമൻ അധികാരികളെയാണ് അത് ഉദ്ദേശിച്ചതെന്ന് യോഹന്നാന്റെ വായനക്കാർക്ക് മനസിലായി. വെളിപ്പാട് 9:1–11 എഴുതിയപ്പോൾ ആത്മാവ് അവിശ്വാസികളുടെ ലിസ്റ്റ് എഴുതിയപ്പോൾ, തീർച്ചയായും റോമാസാമ്രാജ്യത്തിലെ അവിശ്വാസികൾ തന്നെയായിരിക്കും ഏറ്റവും മുകളിൽ വന്നിരിക്കുക. റേ സമ്മേഴ്സ് പറഞ്ഞത്, “അവിടെ വെട്ടുക്കിളി സൂചിപ്പിക്കുന്നത് റോമാ സാമ്രാജ്യത്തിന്റെ നരകതുല്യമായ ആഭ്യന്തര നാശത്തെയാണ് എന്നാണ്.”[11]

എങ്ങനെയായാലും, യോഹന്നാന്റെ കാലത്തെ ആളുകൾ പ്രായോഗികത വരുത്തിയതുപോലെ, നാം വരുത്തേണ്ടതില്ല. ഒന്നാം നൂറ്റാണ്ടിലായാലും ഇരുപത്തി-ഒന്നാം നൂറ്റാണ്ടിലായാലും പാപത്തിന്, അതിൽ-തന്നെ നശീകരണസ്വഭാവമണ്ട്. ഓവൻ ക്രൗച്ച് പറഞ്ഞു “വേദനാജനകമായ ശിക്ഷ [കൊണ്ടുവരുന്ന] താണ് പാപത്തിനുള്ള സ്വഭാവം” ജി. ബി. കെയിഡ് എഴുതി “തിന്മയെ തിന്മകൊണ്ടുതന്നെ നശിപ്പിക്കുവാൻ ദൈവം അനുവദിക്കുന്നു ... തിന്മക്ക് തിന്മയിൽ തന്നെ നശീകരണ - സ്വഭാവമുണ്ട്.”[13]

വേദഭാഗത്തിലെ ഓരോ അലങ്കാരവും നാം ചർച്ച ചെയ്യുമ്പോൾ ഈ ചിന്ത മനസിൽ സൂക്ഷിക്കുക. നാം ബ്രഷിന്റെ അടയാളം പരിശോധിക്കുമ്പോൾ, ചിത്രത്തിന്റെ കാഴ്ച്ച നഷ്ടപ്പെടാതെ നോക്കണം.

## വെട്ടുക്കിളികൾ (9:1-11)

### ഇരുട്ട് നിർവ്വഹിച്ചു (വാ. 1-3)

“അഞ്ചാമത്തെ ദൂതൻ ഊതി, അപ്പോൾ ഒരു നക്ഷത്രം ആകാശത്ത് നിന്നു ഭൂമിയിൽ വീണുകിടക്കുന്നത് ഞാൻ കണ്ടു. അവന്ന് അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു, അവൻ അഗാധകൂപം തുറന്നു” (വാ. 1). കഴിഞ്ഞ അദ്ധ്യായത്തിൽ, സ്വർഗത്തിൽനിന്നു വീണ നക്ഷത്രം (8:10), ഒരുപക്ഷെ ഒരു പിണ്ഡം ഉരുകിയതാകാം വീണത്; വാക്യം 1-ൽ അവന് “ഒരു താക്കോൽ കൊടുത്തിരിക്കുന്നു” എന്നു പറഞ്ഞതുകൊണ്ട്, 9:1 ലെ *നക്ഷത്രം* ഒരു *വ്യക്തിയാണ്* എന്ന് തീർച്ച. വെളിപ്പാടിലെ ഒന്നാമത്തെ ദർശനത്തിൽ, തന്റെ കയ്യിലെ ഏഴ് നക്ഷത്രങ്ങൾ “ഏഴ് സഭകളുടെ ദൂതന്മാരാകുന്നു” എന്നാണ് (1:20). യേശു പറഞ്ഞത്. അദ്ധ്യായം 9 ലെ നക്ഷത്രവും ഒരു ദൂതനായി നാം ഒരുപക്ഷെ ചിന്തിച്ചുപോയേക്കാം.

ഈ നക്ഷത്രം/ദൂതൻ തന്നെയാണോ വാക്യം 11 ലെ അഗാധകൂപത്തിന്റെ ദൂതൻ?[14] ആയിരിക്കാം, അല്ലെങ്കിൽ അല്ലായിരിക്കാം വ്യക്തിപരമായി, വാക്യം 1 ലെ നക്ഷത്രവും/ദൂതനും വെളിപ്പാടിൽ ദൗത്യങ്ങൾ കൊടുത്ത ദൂതന്മാരും തമ്മിൽ വലിയ വ്യത്യാസമൊന്നും ഞാൻ കാണുന്നില്ല. ഈ ദൂതന്ന് താക്കോൽ “കൊടുത്തതുകൊണ്ട്,” ചിലർ പറയുന്നത് അവൻ ഒരു ദുഷ്ട ഏജന്റായിരിക്കും എന്നാണ്; എന്നാൽ അദ്ധ്യായം 8 ലെ ദൂതന്ന് ധൂപവർഗം “കൊടുത്തിരുന്നു” (വാ. 3), ആ ദൂതൻ ഒരു ദൈവദാസൻ ആയിരുന്നു എന്ന് വ്യാഖ്യാതാക്കൾ സമ്മതിക്കുന്നു.

എന്നാൽ "ഇത് *വീണ* നക്ഷത്രമാണല്ലോ" എന്ന് ആരെങ്കിലും തടസം ഉന്നയിച്ചേക്കാം, "അതുകൊണ്ട് അത് സാത്താൻ അല്ലെങ്കിൽ *അവന്റെ* ദൂതന്മാരിൽ ഒരുത്തൻ ആയിരിക്കാം."[15] എങ്ങനെയായാലും അത് ഒരു "വീണ നക്ഷത്രമാണെന്ന്" പുസ്തകം പറയുന്നില്ല. നക്ഷത്രം വീഴുന്ന ഭാവനയാണ് അത്. *നക്ഷത്രം* ഭൂമിയിലെത്തുന്നതിനെ കുറിച്ച് വെളിപ്പാട് ചിത്രീകരിക്കുന്നത് അങ്ങനെയാണ് (6:13; 8:10). വെളിപ്പാട് 9:1 നാം വായിക്കുമ്പോൾ, ഒരുപക്ഷെ ചിന്തിക്കുന്നത് ആകാശത്തിലുള്ള പ്രഭ തടസപ്പെടുന്നതായിട്ടായിരിക്കാം. പ്രകാശം മങ്ങിയപ്പോൾ ഒരു ദൂതൻ ഭൂമിയിൽ നിൽക്കുന്നു.

"അവന്ന് അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു" (വാ. 1). എത്ര വർണ്ണാഭമായ പ്രയോഗം: "അഗാധകൂപം"![16] ശേഷമുള്ള വേദഭാഗങ്ങളിലെല്ലാം ആ മർമ്മത്തിന്റെ പ്രതിധ്വനി മുഴച്ചു നിൽക്കുകയാണ്. അത് എന്നെ വേദനിപ്പിക്കുന്നു, അതുകൊണ്ട്, "അഗാധകൂപം" എന്ന വാക്ക് മൂല ഗ്രന്ഥത്തിലില്ല, എന്നത് ശ്രദ്ധിക്കുക. ഗ്രീക്ക് വേദപുസ്തകത്തിൽ അക്ഷരികമായി "ദ ഷാഫ്റ്റ് ഓഫ് ദ അബിസ്" എന്നാണ്. "ദ അബിസ്" എന്നത് ഭൂമിക്കടിയിലെ അടിയിൽ മുട്ടുന്ന ഷാഫ്റ്റോടുകൂടിയ ഗുഹയുടെ ഭാവനയാണ്. ഷാഫ്റ്റിന്റെ മുകൾഭാഗം അടച്ചുപൂട്ടിയിരിക്കുകയും, നക്ഷത്രത്തിന്/ദൂതന് അത് തുറന്ന് അതിനുള്ളിൽ വസിക്കുന്നവരെ വിടുവിക്കുവാൻ താക്കോൽ ലഭിക്കുകയും ചെയ്തു.

അബുസോ എന്ന ഗ്രീക്ക് വാക്ക് ലിപി മാറ്റി ഉപയോഗിച്ചതാണ് "അബിസ്." (ദ "യൂ" എന്നതു "വൈ" പോലെ എഴുതാം). പഴയനിയമ ഗ്രീക്ക് വേദപുസ്തകത്തിൽ (സെപ്ത്വജിന്റിൽ) "അബിസ്" എന്നുപയോഗിച്ചിരിക്കുന്നത് സമുദ്രത്തിന്റെ അല്ലെങ്കിൽ ഭൂമിയുടെ ആഴങ്ങളെ സൂചിപ്പിക്കുന്നതിനായിരുന്നു (യെശയ്യാവ് 51:10; ഉൽപത്തി 49:25).[17] പുതിയനിയമത്തിൽ പൗലൊസ് പാതാളലോകത്തെ കുറിച്ച് പറയുവാൻ അബിസ് എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. (റോമർ 10:7[18]). ലൂക്കൊസ് 8:31-ൽ "അബിസ്" എന്ന വാക്ക് ഉപയോഗിച്ചത്, ന്യായവിധിക്കായി കാത്തിരിക്കുന്ന ദുരാത്മാക്കളെ തടവിലാക്കിയിരിക്കുന്ന പാതാളത്തിലെ പ്രത്യേകസ്ഥലത്തെ സൂചിപ്പിക്കുന്നതിനാണ് (ലൂക്കൊസ് 16:22, 23; 2 പത്രൊസ് 2:4 നോക്കുക).[19] സ്പഷ്ടമായും, വെളിപ്പാടിൽ രണ്ടാമത്തെ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത് (13:1), "അഗാധകൂപത്തിൽനിന്നു കയറിവരുന്ന മൃഗത്തെ തിരിച്ചറിയിക്കുന്നതായിട്ടാണ്" (11:7; 17:8 നോക്കുക). നാം ചുവന്ന മഹാസർപ്പത്തെ ആയിരമാണ്ട് തടവിലാക്കിയിരിക്കുന്നത് കാണുന്നത്, അഗാധകൂപത്തിലാണ് (20:1-3).

"പിശാചിന്നും അവന്റെ ദൂതന്മാർക്കും ... ഒരുക്കിയിരിക്കുന്ന പ്രതലമല്ല അഗാധകൂപം" എന്ന് ഞാൻ ഊന്നി പറയട്ടെ (മത്തായി 25:41). അത് "ഗന്ധകം കത്തുന്ന തീപ്പൊയ്കയുമല്ല" (വെളിപ്പാട് 20:10; 20:14, 15; 21:8). അത് ദുഷ്ടന്മാരുടെ നിത്യവാസസ്ഥലവുമല്ല.

വെളിപ്പാട് പുസ്തകത്തിൽ അഗാധകൂപമെന്ന് സൂചിപ്പിച്ചിരിക്കുന്നത് അനുസരിക്കാതിരുന്ന ആത്മാക്കളെ *ഭൂമിക്കടിയിൽ* അക്ഷരികമായി തടവിലാക്കിയിരിക്കുന്ന, അല്ലെങ്കിൽ ഭൂതങ്ങൾക്ക് വരികയും പോകുകയും ചെയ്യാവുന്ന പാതാള ലോകവുമല്ല എന്നും ഞാൻ ഊന്നി പറയട്ടെ. അത് ആലങ്കാരികമാണ്. പാപത്തിന്റെ ദൂര - വ്യാപകമായ ഭയങ്കരഫലത്തെ, ആത്മാവ് ഭയങ്കര ഭൂഗർഭത്തിലുള്ള ഗുഹയിൽ പാർത്ത് വർദ്ധിക്കുന്ന പേടി സ്വപ്നം ഒരു വെല്ലുവിളിയായി കാണിക്കുകയും - ആ ഭയങ്കരജീവികളെ ലോകത്തിലേക്ക് അഴിച്ചുവി

ട്ടാലുള്ള സ്ഥിതിയെ ഊഹിക്കുകയും ചെയ്യുക.

വേദഭാഗത്തേക്ക് മടങ്ങി വരുമ്പോൾ, നാം വായിക്കുന്നു "അവൻ അഗാധകൂപം തുറന്നു, ഉടനെ പെരുഞ്ചൂളയിലെ പുക പോലെ, കൂപത്തിൽനിന്നു പുക പൊങ്ങി; കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി" (വാ. 2).

ഏഴ് കലശങ്ങളിലേക്ക് നോക്കുമ്പോൾ, അഞ്ചാമത്തെ കലശം ഒഴിച്ചപ്പോൾ, മൃഗത്തിന്റെ രാജ്യം "ഇരുണ്ടുപോയി" (16:10). അഞ്ചാമത്തെ കാഹളത്തിനും അഞ്ചാമത്തെ കലശത്തിനും മദ്ധ്യേയുള്ള ഭീഷണി ഇരുട്ടായിരുന്നു – അത് വ്യക്തമാക്കുന്നത് വെറും നാടകിയ ഫലത്തെക്കാൾ ഇരുട്ടിന് പ്രാധാന്യമുണ്ടെന്നായിരുന്നു. പുക എന്നത് പാപം നിമിത്തം ഹൃദയം ഇരുണ്ടുപോകുന്നതിനെയാണ് കാണിക്കുന്നതെന്ന് മിക്ക വ്യാഖ്യാതാക്കളും സമ്മതിക്കും. (2 കൊരിന്ത്യർ 4:4; കൊലൊസ്യർ 1:13 നോക്കുക):

> അത് പാപത്തിന്റേയും ദുഃഖത്തിന്റെയും, വഞ്ചനയുടേയും, ചതിയുടേയും ധാർമ്മിക അന്ധതയുടേയും പുകയാണ്, ...[20]

> ... അത് ഒരുപക്ഷെ പിശാചിന്റെ ദുഷ്ട സ്വാധീനമായി പുകയെ കണക്കാക്കാം, അത് മനുഷ്യന്റെ വിവേകശക്തിയെ ഇരുട്ടാക്കി മാറ്റും, ...[21]

ഷാഫ്റ്റ്, ഇരുട്ടിന്റെ പുക പുറത്തേക്ക് തള്ളിവിടുമ്പോൾ, അന്ധതയിൽ സംഭവിക്കുവാൻ പോകുന്നതിനെ കുറിച്ച് നാം അതിശയിക്കും. "പുകയിൽനിന്ന് വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടു" (വാ. 3). വെട്ടുക്കിളികളോ? വസന്തകാലത്ത് പുൽപ്പുറങ്ങളിലും സസ്യങ്ങളിലും ചാടിച്ചാടി നടക്കുന്ന ചെറിയ കിളികളോ? കുട്ടികൾ ചില പ്രാണികളെ മീൻ പിടിക്കുന്ന ചൂണ്ടയിൽ ഇരയായി ഉപയോഗിക്കാറുണ്ട്. എന്റെ പ്രദേശത്തുള്ള ആളുകൾ പറയും, "എന്തൊരു തരം താഴ്ത്തൽ!" എങ്ങനെയായാലും, പുരാതനലോകത്ത് "വെട്ടുക്കിളികൾ വരുന്നു!"[22] എന്നത് മരവിപ്പിക്കുന്ന പ്രഖ്യാപനം തന്നെയായിരുന്നു.

ആ വെട്ടുക്കിളികൾ, ഞാൻ വളർന്ന പ്രദേശത്തുള്ളവർ വെട്ടുക്കിളികൾ എന്നു വിളിക്കുന്നവയായിരുന്നില്ല. ആ പച്ചനിറമുള്ള ജീവിയെ ആസ്ട്രേലിയയിൽ "സിസാഡസ്" എന്നാണ് വിളിക്കുന്നത്. മറിച്ച് വെളിപ്പാട് 9 ലെ വെട്ടുക്കിളികൾ ഞാൻ കുട്ടിയായിരുന്നപ്പോൾ പിടിച്ചിരുന്ന പച്ചിലപ്പശുപോലെയുള്ള ഒരു ചെറിയ കിളിയാണ് – ഞാൻ പിടിച്ചിരുന്നവക്ക് വലിയ കൊമ്പും വെട്ടുക്കിളിക്ക് ചെറിയ കൊമ്പുമാണുള്ളത്.

ബൈബിളിൽ പറയുന്ന ചെറിയ കൊമ്പുള്ള പച്ചിലപ്പശു/വെട്ടുക്കിളികൾ ചില സാഹചര്യങ്ങളിൽ, മരുഭൂമിയിലും, പച്ചപ്പുൽ പ്രദേശങ്ങളിലും സസ്യങ്ങളിലും ആഹാരം തേടി നടക്കും. അവ ഒരു കള്ളിയായി നൂറ് അടി വീതിയിലും നാല് മൈലോളം നീളത്തിലും കൂട്ടമായി അവ സഞ്ചരിക്കും. അവ മേഘത്തിൽ കൂട്ടമായി പറക്കുന്നതുകൊണ്ട് സൂര്യപ്രകാശത്തെ മറെച്ചുകളയും. അവ ഭൂമിയിൽ കൂട്ടമായി പറന്നിറങ്ങുമ്പോൾ, ആ ഭാഗത്തുള്ള സസ്യങ്ങളും ഫലങ്ങളും ചതഞ്ഞരഞ്ഞുപോകും. അവ മരത്തിന്റെ തൊലിയും, വയലിലെ വിളവും, വസ്ത്രവും കയറും തിന്നുകളയും. അവയുടെ ആർത്തി അവിശ്വസനീയമാണ്. അവയുടെ ആക്രമണത്തിനിരയാകുന്ന ഏത് രാജ്യമായാലും ശരി, അവിടെയുള്ള പച്ചപ്പെല്ലാം നശിപ്പിക്കും.[23]

ഈ സാഹചര്യത്തിൽ മിസ്രയിം ദേശത്തുണ്ടായ എട്ടാമത്തെ ബാധയാണ് നമ്മെ ഓർപ്പിക്കുന്നത് (പുറപ്പാട് 10:15). യോവേൽ 1; 2 ലെ വെട്ടുക്കിളികൾ അലഞ്ഞുനടക്കുന്നവയാണെങ്കിലും, ബൈബിളിൽ പറഞ്ഞിരിക്കുന്ന സൂചനകൾ വെളിപ്പാട് 9 നോട് അടുപ്പമുള്ളതാണ്.

**മരണം ആഗ്രഹിച്ചു (വാ. 3-6, 10)**

ബൈബിൾ കാലയളവിലെ സ്വാഭാവികവെട്ടുക്കിളികൾ ഭയപ്പെടുത്തുന്നവയായിരുന്നെങ്കിൽ, വെളിപ്പാട് 9 ലേത് ഏറ്റവും ഭയപ്പെടേണ്ടവയായിരുന്നു. "അതിന്ന് ഭൂമിയിലുള്ള തേളിനുള്ള ശക്തി ലഭിച്ചു" (വാ. 3). അവയ്ക്ക് "തേളിനെ പോലെ വാലും കൊമ്പും ഉണ്ടായിരുന്നു" എന്ന് വാക്യം 10 പറയുന്നു.

വെട്ടുക്കിളികളെ പൊതുവിൽ ഭയപ്പെടുവാനുള്ള ഒരു കാരണം അവയുടെ അംഗസംഖ്യയാണ്, എന്നാൽ ഒറ്റക്കാണെങ്കിൽ അവ ഉപദ്രവകാരികളല്ല. എന്റെ കൈകൾകൊണ്ട് ഞാൻ പച്ചിലപ്പശുവിനെ പിടിച്ചിട്ടുണ്ട്. അത് എന്റെ കൈക്കുള്ളിലിരുന്ന് വെപ്രാളപ്പെട്ട് തൊലിയിൽ ചെറുതായി കുത്തുമെന്നല്ലാതെ വലിയ കുഴപ്പമൊന്നും ചെയ്യുകയില്ല. എന്നാൽ ആ ഉപദ്രവരഹിതമായ ചെറിയ ജീവിക്കുപകരം, അടിക്കുവാൻ തക്ക നീളമുള്ള, മുനയുള്ള തേളിന്റെ വാലുപോലെയുള്ള വെട്ടുക്കിളിയാണെങ്കിൽ ഞാൻ അതിന്റെ അടുത്തുപോലും പോകുകയില്ല!

തീർച്ചയായും അവ സാധാരണ വെട്ടുക്കിളികൾ ആയിരുന്നില്ല. "നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ, ഭൂമിയിലെ പുല്ലിന്നും പച്ചയായതൊന്നിനും യാതൊരു വൃക്ഷത്തിന്നും കേടുവരുത്തരുത് എന്ന് അതിന്ന്[24] കൽപനയുണ്ടായി" (വാ. 4). അവയ്ക്ക് ഇഷ്ടമുള്ള ആഹാരം സസ്യങ്ങളാണ്, പക്ഷെ കർത്താവ് അതിനെ വിലക്കി. അതിനുപകരം മനുഷ്യരെ ദ്രോഹിക്കുവാനായിരുന്നു അവയ്ക്ക് ലഭിച്ച കൽപന! ഏതെങ്കിലും മനുഷ്യരെ ഉപദ്രവിക്കുവാനായിരുന്നില്ല ആ കൽപന, മറിച്ച്, "നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യരെ മാത്രം" (വാ. 4).

അദ്ധ്യായം 7–ൽ നാം 144,000 പേരെ മുദ്രയിട്ടത് പഠിച്ചപ്പോൾ, മുദ്രയിട്ടവരെ സംരക്ഷിക്കുകയായിരുന്നു മുദ്രയിടലിന്റെ പ്രാഥമികമായ ലക്ഷ്യം എന്ന് നാം മനസിലാക്കി.[25] ആ സുരക്ഷിതത്വം ദൈവ ജനം ആസ്വദിക്കുന്നത് നമ്മുടെ ഇപ്പോഴത്തെ വേദഭാഗത്ത് ഉദാഹരണമായി കാണാം. വെട്ടുക്കിളികൾ അനുസരണക്കേടിന്റെ അനന്തരഫലത്തെ സൂചിപ്പിക്കുന്നതുകൊണ്ട്, അനുസരിക്കുന്നവരെ അനന്തരഫലത്തിൽനിന്ന് ഒഴിവാക്കും.

മുദ്രയേൽക്കാത്തവരെ എത്രത്തോളം ഉപദ്രവിക്കണം എന്ന് താഴെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. വാക്യം 5 ന്റെ ആദ്യഭാഗത്ത്, "ആരെയും കൊല്ലുവാൻ അവരെ അനുവദിച്ചില്ല, പക്ഷെ അഞ്ചു മാസത്തേക്ക് ഉപദ്രവിക്കുവാനാണ് അനുവദിച്ചത്" എന്ന് നമ്മോട് അരുളിച്ചെയ്തിരിക്കുന്നു (വാ. 5, വാ. 10 നോക്കുക). പിന്നീട് ഒരു വിഭാഗം മനുഷ്യരെ കൊല്ലുവാൻ അനുവദിക്കയും ചെയ്യുന്നു (9:20 നോക്കുക), എന്നാൽ അഞ്ചാം കാഹളത്തിനിടയിൽ, അഭക്തർ കൊല്ലപ്പെട്ടില്ല. മറിച്ച് അവരെ "അഞ്ചു മാസം" *ഉപദ്രവിക്കുക*യാണുണ്ടായത്.

"അഞ്ച്" എന്ന സംഖ്യയിൽ "പരിമിത ശക്തി അല്ലെങ്കിൽ പരിമിത കാലയളവ്"[26] ആണ് അടങ്ങിയിരിക്കുന്നതെന്ന് മുൻപ് ഒരു പാഠത്തിൽ നാം പറഞ്ഞിരുന്നു. ചിലയിനം വെട്ടുക്കിളികൾ അഞ്ചുമാസമേ ജീവിച്ചിരിക്കയുള്ളു എന്നതുകൊണ്ട്, അവയുടെ ഉപദ്രവം ഓരോ വർഷവും അഞ്ചു മാനസത്തേക്കേ ഉണ്ടാ

കയുള്ളു എന്നാണ്. ഇവിടെ അഞ്ചുമാസത്തേക്ക് എന്ന് പറഞ്ഞിരിക്കുന്നത് ഒരുപക്ഷെ ദൈവം വെട്ടുക്കിളികളുടെ ഉപദ്രവം *പരിമിതപ്പെടുത്തുന്നതാകാം* - അവൻ അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ, എല്ലാ അ-ക്രൈസ്തവരും നശിച്ചുപോകുമായിരുന്നു.[27]

വാക്യം 5 ന്റെ അവസാനഭാഗത്ത്, വെട്ടുക്കിളികളുടെ ഉപദ്രവം "*തേൾ* മനുഷ്യരെ കുത്തുന്നതുപോലെ ആയിരുന്നു എന്ന ചിന്തയിലേക്കാണ് നാം വരുന്നത്." (ഈ പാഠത്തിന്റെ അവസാനം വരുന്ന "ഒരു തേളിന്റെ ഉപദ്രവം എന്ന ചിത്രീകരണം നോക്കുക.") പുരാതനലോകത്തെ ഉപദ്രവകാരികളിലൊന്നായിരുന്നു തേൾ. (ആവർത്തനപുസ്തകം 8:15; 1 രാജാക്കന്മാർ 12:11; യെഹെസ്ക്കേൽ 2:6; ലൂക്കൊസ് 10:19; 11:12 നോക്കുക.)

തേളുകൾ പാറക്കടിയിലും പിളർപ്പുകളിലുമാണ് ഒളിച്ചിരിക്കുന്നത്. അത് ഒളിച്ചിരിക്കുന്ന സ്ഥാനത്ത് നിന്ന് ചാടി, ഇരയെ ഒരു കൊടിൽ കൊണ്ടു പിടിക്കുന്നതുപോലെ പിടിക്കും. പിന്നെ മുള്ളു-പോലെയുള്ള വാൽ മുന്നോട്ടാഞ്ഞ്, തടവിലാക്കിയ ഇരയിലേക്ക് വിഷം കടത്തിവിടും. അങ്ങനെ വിഷമേൽക്കുന്ന ചെറു ജീവികൾ ഒന്നുകിൽ തളർന്നു വീഴുകയോ അല്ലെങ്കിൽ ചത്തുപോകയോ ആണ് പതിവ്. ആ വിഷം മനുഷ്യരിൽ[28] അപൂർവ്വമായേ മാരകമാകാറുള്ളു, എന്നാൽ അത് കഠിനമായ വേദനയുണ്ടാക്കും.

ബൈബിൾ പ്രദേശങ്ങളിൽ കാണപ്പെട്ടിരുന്ന വലുപ്പ-മേറിയ തേളുകളെ ഞാൻ കണ്ടിട്ടില്ല, എന്നാൽ ഓക്ലഹോമയിലെ തേളിനെ ഞാൻ കാണുകയുണ്ടായി. എന്റെ ഹൈസ്ക്കുൾ പഠനം പൂർത്തിയാക്കിയ ഉടനെ, ഞാൻ ഒരു കന്നുകാലിവളർത്തുകാരനുവേണ്ടി ജോലി ചെയ്തിരുന്നു. അദ്ദേഹത്തെ സഹായിക്കുവാൻ വരുന്നവർക്ക് താമസിക്കുവാൻ ഒരു പഴയ വീടുണ്ടായിരുന്നു. ആ വീട് കുറെ നാളുകളായി ഒഴിഞ്ഞു കിടന്നതുകൊണ്ട്, ഇഴജന്തുക്കൾ അവിടെ താമസമാക്കിയിരുന്നു. പശുക്കളെ കറക്കുന്നതിന് - സഹായിക്കുന്നതിനായി ഞാൻ, ഒരു ദിവസം രാവിലെ, കിടക്കയിൽനിന്ന് എഴുന്നേറ്റ് കാൽ ചവിട്ടിയത് ഒരു തേളിന്റെ പുറത്തായിരുന്നു. അതെ അതിന്റെ വിഷമുള്ളിന് ഭയങ്കര വേദനയാണ്. ഒരു സമയം വരെ, പിന്നെ, അടുത്ത വാക്യത്തിലെ ഊഷ്മളതയെ എനിക്ക് അനുമോദിക്കുവാൻ കഴിയും: "ആ കാലത്ത് മനുഷ്യർ മരണം അന്വേഷിക്കും, കാൺകയില്ല താനും. മരിപ്പാൻ കൊതിക്കും; മരണം അവരെ വിട്ട് ഓടിപ്പോകും" (വാ. 6).[29]

എന്തുകൊണ്ട്, ആ മനുഷ്യർക്ക് മരണം കാൺമാനോ, അല്ലെങ്കിൽ ആത്മഹത്യ ചെയ്യുവാനോ കഴിഞ്ഞില്ല എന്നതിനെ കുറിച്ച് ഓർത്ത് വ്യാഖ്യാതാക്കൾ വിഷമിക്കുന്നുണ്ട്. ഇത് അതിശയോക്തി കലർന്ന അലങ്കാരമാണ്, അല്ലാതെ അക്ഷരികമല്ല എന്ന് ഓർമ്മിക്കുക. ചിലപ്പോൾ, മരിച്ചാൽ മതിയായിരുന്നു എന്ന് തോന്നിപ്പിക്കുന്ന രോഗം, നമ്മിൽ പലരിലും വന്നിരിക്കാം; എന്നിരുന്നാലും നാം മരിച്ചില്ല. എന്നാൽ വേദനകൊണ്ട് കഷ്ടപ്പെട്ടിട്ടുണ്ട്. അതാണ് വാക്യം 6 പറയുന്നത്. അവിശ്വാസികൾ മാനസാന്തരപ്പെടാത്ത അവസ്ഥയിൽ തന്നെ ജീവിച്ചാൽ അവർക്ക് ഒരിക്കലും സമാധാനം ലഭിക്കുകയില്ല.[30]

പാപിക്ക് ജീവിതത്തിൽ ഒഴിഞ്ഞുമാറാനാവാത്ത വേദനയുണ്ടാകുമെന്ന ഊന്നലാണ് വാക്യം 6 നൽകുന്നത് - അയാൾ മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിഞ്ഞാലല്ലാതെ ആ കഷ്ടതയിൽനിന്ന് ആശ്വാസം ലഭിക്കുകയില്ല. ചിലർക്ക് ഇതിനോടുകൂടെ മനസാക്ഷിക്കുത്തും ഉണ്ടാകും. പൗലൊസ് അത്തരം കുറ്റാരോപണ മനസാക്ഷിയെ റോമർ 7-ൽ പറയുന്നണ്ട്: "എന്റെ

ജഡത്തിൽ നന്മ വസിക്കുന്നില്ല" എന്നു പറഞ്ഞശേഷം, പറയുന്നു "പാപ ത്തിന്റെ ഒരു തടവുകാരൻ" എന്ന് തന്നെ കുറിച്ച് പറയുകയും, ഉച്ചത്തിൽ പിന്നീട്, "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ, എന്നെ ഈ ശരീരത്തിൽനിന്ന് ആർ വിടുവിക്കും ... ?" (റോമർ 7:17–24).[31]

ഓവൻ ക്രൗച്ച് എഴുതി, "കുറ്റകൃത്യത്തിന്റെ ഭാരവും, മനസാക്ഷിയുടെ ആക്ഷേപവും, ഓർമ്മയിലുള്ള വ്യാജങ്ങളുടെ വേദനയും, ഒറ്റിക്കൊടുക്ക ലെന്ന വ്യഭിചാരവ്രണവും, വിശ്രമമില്ലാതെ ആന്തരിക ആത്മാവിനെ കുത്തി നിരന്തരമായി ദണ്ഡിപ്പിക്കുന്നതും ജീവിതത്തിൽ നരകം ... ഉത്ഭവിപ്പിക്കും."[32] ഇത്തരം ഉപദ്രവങ്ങളെ ഞാൻ ചിന്തിക്കുമ്പോൾ, യേശുവിനെ ഒറ്റിക്കൊടുത്ത അപരാധത്തെ തിരിച്ചറിഞ്ഞപ്പോൾ ഉണ്ടായ അവന്റെ ഉള്ളിലെ വികാരമാണ് ഓർമ്മ വരുന്നത്. മനസാക്ഷിയുടെ ആക്ഷേപവിപത്തിനെ കുറിച്ച് നിങ്ങൾക്ക് അറിയണമെന്നുണ്ടെങ്കിൽ, നട്ടുച്ചക്ക് കയറിൽ തൂങ്ങി കിടക്കുന്ന യൂദയുടെ ശരീരത്തെ കുറിച്ച് ചിന്തിക്കുക. (മത്തായി 27:5; പ്രവൃത്തികൾ 1:16–18.)

തീർച്ചയായും, ചിലർ തങ്ങളുടെ മനസാക്ഷിയെ കഠിനപ്പെടുത്തും, എന്നാൽ പോലും, ദൈവത്തിൽനിന്നകന്ന് ജീവിച്ചതിന്റെ അനന്തരഫലം അവരെ പിന്തുടരും. ലോകത്തിലുള്ളതെല്ലാം നേടുന്നതിനെ കുറിച്ച് അന്വേ ഷിച്ച് ദൈവത്തെ അവഗണിച്ചതിന്റെ ഉദാഹരണമാണ് ശലോമോൻ. പഠിക്കു വാൻ കഴിയുന്നതെല്ലാം പഠിക്കുവാൻ ശലോമോൻ [തന്റെ] "മനസ് വെച്ചു" എന്ന് സഭാപ്രസംഗി പറയുന്നു (1:13). "ജ്ഞാന ബാഹുല്യത്താൽ വ്യസനബാ ഹുല്യമുണ്ട്, അറിവ് വർദ്ധിപ്പിക്കുന്നവൻ ദുഃഖവും വർദ്ധിപ്പിക്കുന്നു" എന്ന് അവൻ കണ്ടെത്തി (1:18). അവൻ തന്നെത്തന്നെ സുഖത്തിനായി ഏൽപി ച്ചുകൊടുത്തിട്ട് ചോദിക്കുന്നു "അതുകൊണ്ട് എന്തു ഫലം?" (2:1, 2). തന്റെ വലിയ നേട്ടങ്ങൾക്ക് ശേഷം അവൻ എഴുതി, "ഞാൻ എന്റെ സകല പ്രവൃ ത്തികളെയും, സകല പരിശ്രമങ്ങളേയും നോക്കി, എല്ലാം മായയും വൃഥാ പ്രയത്നവുമത്രെ. സൂര്യന്റെ കീഴിൽ യാതൊരു ലാഭവുമില്ല" (2:11). താൻ വലിയ സ്വത്ത് കരസ്ഥമാക്കിയശേഷം തീർച്ചയാക്കി, "ദ്രവ്യപ്രിയന്ന് ദ്രവ്യം കിട്ടിയിട്ടും ഐശ്വര്യപ്രിയന്ന് ആദായം കിട്ടിയിട്ടും തൃപ്തി വരുന്നില്ല" (5:10).

നൂറുകണക്കിന് ആധുനിക ഉദാഹരണങ്ങൾ മനസിലേക്ക് വരുന്നു: ആളു കൾ തങ്ങളുടെ ആയുഷ്ക്കാലമത്രയും സ്വത്ത് സമ്പാദനത്തിലും ഭാഗ്യപരീ ക്ഷണത്തിലും ചെലവിട്ടശേഷം, അവയൊന്നും ആത്മാവിനെ തൃപ്തിപ്പെടു ത്തുന്നില്ല എന്നു തിരിച്ചറിയുന്നവരും ... ലോകപ്രകാരമുള്ള വിജയങ്ങളാണ് ജീവിതത്തിലെല്ലാമെന്ന് കരുതി ലോകത്തിൽ ജീവിച്ച് അവസാനം അതെല്ലാം മായയും അരിഷ്ടതയുമാണെന്ന് തിരിച്ചറിയുന്നവരും ... തങ്ങൾ മനുഷ്യരു ടേയും ദൈവത്തിന്റേയും നിയമങ്ങൾക്ക് അതീതരാണെന്ന് കരുതുന്നവരും "ദ്രോഹിയുടെ വഴിയോ ദുർഘടം" എന്ന ഈ നഗ്നയാഥാർത്ഥ്യം മനസിലാ ക്കണം (സദൃശവാക്യങ്ങൾ 13:15; കെജെവി).

പാപത്തിൽ-തന്നെയുള്ള അനന്തരഫലങ്ങളിൽ, പ്രിയപ്പെട്ടവർ നമ്മിൽനിന്ന് അകലുന്നതും, മനസും ശരീരവും തളരുന്നതും, ജീവിതം കൈവിട്ടുപോയെന്ന തോന്നലും, "എല്ലാം ഇത്രയേ ഉള്ളു" എന്ന നിരാശാ ചിന്തയും, ഹൃദയത്തിൽ നിറയെ കൈപ്പും, സംശയപൂർണ്ണമായ അഭിപ്രായങ്ങളും, ആപത്ത് വരുമ്പോൾ ആത്മാവിനെ ദുർബ്ബലപ്പെടുത്തുന്ന ഭീതിയും, പാഴായ ജീവിതവിപത്തും എന്നി ങ്ങനെ നീണ്ടുപോകുന്നതാണ് ലിസ്റ്റ്. നിങ്ങൾക്ക് വേണമെങ്കിൽ ഇവയോട് പ ലതും ചേർക്കാം.

പാപജീവിതം നയിക്കുന്നതിന്റെ *ഭൗതിക*ഫലങ്ങളാണ് അവയെല്ലാം. “നമ്മുടെ പാപങ്ങൾക്ക് ഈ ലോകത്തിൽ തന്നെ നാം അധികമായ ശിക്ഷ അനുഭവിക്കയില്ല.”[33] ലിയോൺ മോറിസ് നിരീക്ഷിച്ചു “ദൈവം എല്ലാം അതിന്റെ ഗതിക്കനുസരിച്ച് വിടുകയും, പാപികളെ ഒഴിച്ചുകൂടാനാവാത്തവിധത്തിൽ ശിക്ഷിക്കുയും ചെയ്യുന്നു.”[34] ബ്രൂസ് മെറ്റ്സ്ജർ പറഞ്ഞു:

> ക്ഷാമവും മരണവും ദൈവം ആഗ്രഹിക്കുന്നില്ല ... എന്നാൽ ആളുകൾ നി രന്തരമായി ദൈവത്തെ ധിക്കരിച്ച് ജീവിച്ചാൽ അവ സംഭവിക്കുക തന്നെ വേണം ... ഭൗതികനിയമങ്ങളെ അവഗണിച്ചാൽ, ഉദാഹരണത്തിന് നാം ഒരു കുന്നിന്റെ മുകളിൽനിന്നു വീണാൽ, പരുക്ക് പറ്റും. ധാർമ്മികനിയമങ്ങളെ നാ ം അവഗണിച്ചാൽ അതിന്റെ ഫലം തീർച്ചയായും നമുക്ക് ഉണ്ടാകും ... മുകളിൽ പറഞ്ഞ കഷ്ടങ്ങൾ അനുഭവപ്പെടുവാൻ കാരണം ദൈവ കൽപന ലംഘിച്ചതുകൊണ്ടാണ് ... നമ്മെ കഷ്ടപ്പെടുത്തുവാൻ ദൈവത്തിന് മനസില്ല, പക്ഷെ നാം സ്വതന്ത്രജീവികളായിരിക്കുന്നേടത്തോളം ദൈവം അത് അനുവദിക്കും.[35]

**നാശം വിവരിച്ചു (വാ. 7-10)**

ഇതുവരെയും, ഉപദ്രവകാരികളായ ജീവികളെ കുറിച്ചുള്ള വിവരണം യോഹന്നാൻ നൽകിയിട്ടില്ല. പ്രതിവിധി 7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ കൊടുത്തിരിക്കുന്നു. (ഈ പാഠത്തിന്റെ അവസാനം വരുന്ന “ദർശനത്തിൽനിന്നുള്ള ഒരു വെട്ടുക്കിളി” എന്ന ചിത്രീകരണം നോക്കുക.) ഒരിക്കൽ കൂടെ, ഈ പേടിസ്വപ്നമായ അലങ്കാരത്തിന്റെ വിശദീകരണങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് അതിന്റെ ഫലങ്ങളെ കാണാതെ പോകരുത് എന്ന് ഓർപ്പിക്കട്ടെ. ചാൾസ് റൈരേ പറഞ്ഞു, “ബൈബിളിലെ മറ്റ് അദ്ധ്യായങ്ങളേക്കാളധികം ‘ആസ്’ എന്നും ‘പോലെ’ എന്നുമുള്ള വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതിനാൽ, യോഹന്നാൻ കണ്ട ദർശനം ശരിയായി വിവരിക്കുവാൻ എത്ര വിഷമിച്ചിരിക്കണം.”[36]

“വെട്ടുക്കിളികൾ കുതിരക്ക് സമം” എന്നാണ് യോഹന്നാൻ വിവരിക്കുവാൻ തുടങ്ങിയത് (വാ. 7).[37] നിങ്ങൾക്ക് വിശാലമായി ഊഹിക്കുവാൻ കഴിയുമെങ്കിൽ, വെട്ടുക്കിളിയും കുതിരയും തമ്മിൽ ചില സാമ്യമുള്ളതായി കാണാം. ജെർമ്മൻ ഭാഷയിൽ, വെട്ടുക്കിളിയെ *ഹൂപ്ഫേർഡ്*, അല്ലെങ്കിൽ “വൈക്കോൽ-കുതിര” എന്നാണ് അറിയപ്പെടുന്നത്. ഇറ്റാലിയൻ ഭാഷയിൽ, അതിനെ *കാവെലേറ്റ*, അർത്ഥം “ചെറിയ കുതിര” എന്നാണ്. പ്രത്യേകമായി, യോഹന്നാൻ പറഞ്ഞു, “അതിന്റെ പ്രത്യക്ഷത ... *യുദ്ധത്തിന് ചമയിച്ച* കുതിരയെ പോലെ ആയിരുന്നു” (വാ. 7; എംഫസിസ് മൈൻ). അത് വെട്ടുക്കിളിയുടെ കവചത്തെ ആയിരിക്കാം സൂചിപ്പിച്ചത് (വാ. 9), അതല്ലെങ്കിൽ അവ യുദ്ധത്തിന് തയ്യാറായി എന്നായിരിക്കാം ഉദ്ദേശിച്ചത്.

പിന്നെ യോഹന്നാൻ അവയുടെ വിശദാംശങ്ങൾ നൽകുന്നു “അവയുടെ തലയിൽ, പൊൻകിരീടം, ഉള്ളതുപോലെ ഇരുന്നു” (വാ. 7). “വിജയം” എന്ന വാക്കിനുള്ള ഗ്രീക്ക് വാക്ക് *സ്റ്റെഫാനോസ്* എന്ന ഗ്രീക്ക് വാക്കാണ്[38] ഇവിടെ “കിരീടം” എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ആ വെട്ടുക്കിളികൾ തങ്ങളുടെ ദണ്ഡന ദൗത്യം പൂർണ്ണമായി നിറവേറ്റി (നിഷ്പ്രഭമാക്കി) തീർച്ചയായും, അവർ ആസ്വദിച്ച വിജയം, താൽക്കാലികമായിരുന്നു; അവ വാസ്തവത്തി

ലുള്ള വിജയകിരീടങ്ങളായിരുന്നില്ല, “പൊന്നുകൊണ്ടുള്ള *കിരീടങ്ങൾ പോലെ* ഒന്നു.” (എൻഐവി; എംഫസിസ് മൈൻ).

അടുത്ത സ്വഭാവവിശേഷത ഒരുപക്ഷെ ഏറ്റവും സവിശേഷമായിരിക്കാം.: “അവയുടെ മുഖങ്ങൾ മാനുഷമുഖം പോലെ ഇരുന്നു” (വാ. 7). അദ്ധ്യായം 4 നാം പഠിച്ചപ്പോൾ, നാല് ജീവികളിൽ മൂന്നാമത്തേതിന്, “മനുഷ്യരുടെ മുഖം പോലെയുള്ള മുഖമുണ്ടായിരുന്നു എന്ന് നാം കണ്ടു” (4:7), അത് ബുദ്ധിശക്തി അല്ലെങ്കിൽ കുശാഗ്രബുദ്ധിയെയാണ് കാണിക്കുന്നതെന്നും നാം മനസിലാക്കി. ഒരുപക്ഷെ അതേ ആശയമായിരിക്കാം ഇവിടെയുമുള്ളത്. “മുന്നോട്ടാഞ്ഞുവരുന്ന പടയുടെ മുഖത്തേക്ക് യോഹന്നാൻ നോക്കിയപ്പോൾ, ലോകത്തിലെ രൗദ്രഭാവമുള്ള മൃഗങ്ങളുടെ ഭാവമല്ല കണ്ടത്, പിന്നെയോ വളരെ കുശാഗ്രബുദ്ധിയും, ഉപായവുമുള്ള ഭൂതബാധിതരായ [മനുഷ്യരെയാണ്] കണ്ടത്.”[39] എങ്ങനെയായാലും, “മനുഷ്യരേയും മൃഗത്തേയും യോജിപ്പിച്ച് അലങ്കാരമാക്കുന്നത് അസ്വാഭാവികവും പൈശാചികവുമായ ഒന്നിനെയാണ് കാണിക്കുന്നത്.”[40] കെയിഡ് എഴുതി, “ദുഷ്ടത അശുഭസൂചകമായ ഏതു രൂപത്തിലും വരാം ... ; എന്നാൽ അവസാനം തരം തിരിക്കുമ്പോൾ അതിന് ഒരു മാനുഷ മുഖം കാണാം.”[41]

ആ ജീവികൾക്കു “സ്ത്രീകളുടെ മുടി പോലെയുള്ള മുടിയുണ്ടായിരുന്നു” (വാ. 8). മുടി ഒരുപക്ഷെ തലയിലായിരുന്നേക്കാം ഉണ്ടായിരുന്നത്; ഒരുപക്ഷെ അത് ശരീരം മുഴുവൻ ഉണ്ടായിരുന്നേക്കാം. മറ്റൊരു അസ്വാഭാവികതയാണ് ആ വിശദീകരണം നൽകുന്ന സൂചന.[42]

“അവയുടെ പല്ലുകൾ സിംഹങ്ങളുടെ പല്ല് പോലെയിരുന്നു” (വാ. 8). ഈ അവസരത്തിൽ, പല്ലുകൾ കടിച്ച് കീറുന്നതിനായിരുന്നില്ല;[43] മറിച്ച്, ആ രൂപം ഊന്നിയത്, ജീവികൾ രക്തദാഹമുള്ളവയായിരുന്നു എന്നാണ്.

“അവയ്ക്ക് ഇരുമ്പ് കവചം പോലെ കവചമുണ്ടായിരുന്നു” (വാ. 9). വെട്ടുക്കിളികൾ കീഴ്പ്പെടുത്താനാവാത്തതായി തോന്നി. ഇത് ഒരു വെട്ടുക്കിളിയുടെ ശരീരത്തിന്റെ സ്വാഭാവിക കഴിവുകളെ ഉദ്ദേശിക്കുന്നു, അല്ലെങ്കിൽ വെട്ടുക്കിളിക്ക് കുതിരയുടെ പ്രത്യേകമായ പോരാട്ടത്തിനുള്ള ആയുധങ്ങൾ ലഭിച്ചിരുന്നു. ബ്രയന്റെ ചിത്രത്തിൽ എവിടെയാണ് കവചം വരച്ചിരിക്കുന്നതെന്ന് നോക്കുക.

“ചിറകുകളുടെ ഒച്ച പടയ്ക്ക് ഓടുന്ന അനേകം കുതിരകളുടെ ഒച്ചപോലെ ആയിരുന്നു” (വാ. 9). വെട്ടുക്കിളിയുടെ ബാധ അനുഭവപ്പെട്ടവർക്ക് ആ ഒച്ചയെ വലിയ വെള്ളച്ചാട്ടത്തിന്റേയും, കാട്ടുതീ വ്യാപിക്കുമ്പോഴത്തെയും, ശക്തമായ മഴവെള്ളം വൃക്ഷങ്ങളിൽ പതിക്കുന്നതുപോലെയും ആയിരിക്കുമെന്ന് പറയുവാൻ കഴിയും. വെട്ടുക്കിളിയുടെ ഭയാനകമായ ഉദ്ദേശത്തെയാണ് യോഹന്നാന്റെ വിവരണത്തിൽ കാണുന്നത്.

## നേതാവ് (9:11)

വെട്ടുക്കിളികളെ കുറിച്ച് യോഹന്നാൻ ഒരു കാര്യം കൂടെ പറയുന്നുണ്ട് – ആ വിവരണം അതിൽ അന്തർലീനമാക്കിയിരിക്കുകയാണ്: “അഗാധദൂതൻ അതിന്ന് രാജാവായിരുന്നു” (വാ. 11). സ്വാഭാവിക “വെട്ടുക്കിളികൾക്ക് ഒരു രാജാവില്ല” (സദൃശവാക്യങ്ങൾ 30:27), പക്ഷെ വെളിപ്പാട് 9 ലെ വെട്ടുക്കിളികൾക്കുണ്ടായിരുന്നു. അതുകൊണ്ട് അവയുടെ ആക്രമണം സംഘടിതവും നേരിട്ടുമായിരുന്നു. അക്കാരണത്താൽ, അവയുടെ ഉപദ്രവം പ്രത്യേകിച്ച് പ

ലപ്രദവും നശിപ്പിക്കുന്നതുമായിരുന്നു.

അവയുടെ രാജാവ് "അഗാധകൂപത്തിൽനിന്നുള്ള ഒരു ദൂതനായിരുന്നു" (വാ. 11). മുൻപ് പറഞ്ഞതുപോലെ, അത് സ്വർഗത്തിൽനിന്നു വീണ നക്ഷത്ര മാകാം; ഒരുപക്ഷെ അത് മറ്റൊരു ജീവിയുമാകാം. അതാണ് ആ വ്യക്തിയുടെ പേർ, അതിനാണ് പ്രാധാന്യം: "അവന്ന് എബ്രായഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നും പേർ ആയിരുന്നു" (വാ. 11). " 'അബദ്ദോൻ' എന്നാൽ 'നാശം' എന്നും 'അപ്പൊല്ലുവോൻ' എന്നാൽ 'ന ശിപ്പിക്കുന്നവൻ' "[44] എന്നാണെങ്കിലും രണ്ടിന്റെയും അർത്ഥം ഏതാണ്ട് ഒന്നു തന്നെ എന്നു പറയാം.

മിക്കപേരും വിചാരിക്കുന്നത്, അത് സാത്താനാണെന്നാണ്, ആയിരിക്കാം. യേശു സാത്താനെ കുറിച്ച് (അല്ലെങ്കിൽ അവന്റെ സഹപ്രവർത്തകനെ) പ റഞ്ഞു, "മോഷ്ടിപ്പാനും, *മുടിപ്പാനും* അറുപ്പാനുമല്ലാതെ, കള്ളൻ വരുന്നില്ല" (യോഹന്നാൻ 10:10; എംഫസിസ് മൈൻ). എങ്ങനെയായാലും, വെളിപ്പാട് 2 ലും 3 ലും യോഹന്നാൻ സാത്താനെ കുറിച്ച് വളരെ വ്യക്തമായാണ് പറ ഞ്ഞത് (2:9, 10, 13, 24; 3:9). പിന്നീട് അപ്പൊസ്തലൻ സാത്താനുള്ള അലങ്കാരം പറയുകയും, നമുക്ക് വേണ്ടി അത് വ്യാഖ്യാനിക്കുകയും ചെയ്തു (12:9, 12; 20:2, 7, 10).

വാസ്തവത്തിൽ, അബദ്ദോൻ/അപ്പൊല്യോവിനെ തിരിച്ചറിയുവാൻ പല സാധ്യതകളുണ്ട്. ഉദാഹരണത്തിന്, പഴയനിയമത്തിൽ, ഷിയോൾ അല്ലെങ്കിൽ പാതാളം എന്ന വാക്കിന് പര്യായമായി ആറു പ്രാവശ്യം "അബദ്ദോൻ" "എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്, സർവ്വദേശിയ ശവക്കോട്ട, മരണദേശം, ഇരുട്ട്, നിശബ്ദത, വിസ്മൃതി, ജീവന്റേയും പ്രത്യാശയുടേയും സംഹാരകൻ."[45] ഒരു പക്ഷെ, നാലാമത്തെ കുതിരപ്പുറത്തിരിക്കുന്നവനെയും അവന്റെ നാട്ടുകാരൻ: മരണവും പാതാളവും ഉദ്ദേശിച്ചായിരിക്കാം വാക്യം 11-ൽ "അബദ്ദോൻ" എന്ന് പറഞ്ഞിരിക്കുന്നത് (6:8).

അബദ്ദോൻ ദൈവത്താൽ അയക്കപ്പെട്ട നല്ലതോ മോശമായതോ ആയ വെറുമൊരു ദൂതനുമായിരിക്കാം. എല്ലാ ദർശനങ്ങളിലെന്നപോലെ, ഇവിടെയും ഉള്ള സന്ദേശം, ദൈവമാണ് നിയന്ത്രിക്കുന്നത് എന്നാണ്.

"അപ്പൊല്യോൻ" എന്ന വാക്ക് "അപ്പോളോ" എന്ന വാക്കുമായി സാമ്യമു ള്ളതിനാൽ, അത് യവന ദേവനായ അപ്പോളോയുടെ അവതാരമാണ് താനെന്ന് അവകാശപ്പെട്ട ഡൊമീഷ്യന്റെ നേർക്കുള്ള ഒരു പ്രഹരമായി ചില എഴുത്തു കാർ ഇതിനെ കാണുന്നു. "യോഹന്നാന്റെ ഉള്ളിൽ അതാണ് ഉണ്ടായിരുന്നതെ ങ്കിൽ, അഞ്ചാമത്തെ കാഹളത്തെ കുറിച്ചുള്ള അവന്റെ അവസാന വാക്ക് ഒരു വ്യാജമായി കണക്കാക്കാം: നശീകരണ സൈന്യത്തിന്റെ രാജാവായി റോമാ ചക്രവർത്തിയായ ഡൊമിഷ്യൻ ആയിരുന്നു!"[46]

വെട്ടുക്കിളികളും നേതാവായ "നാശവും" തമ്മിൽ ഏറ്റവും തീർച്ചയുള്ള ബന്ധത്തെ കാണാതെ പോകരുത്: "പുരാതന എബ്രായർ വെട്ടുക്കിളികളെ പ ല വ്യത്യസ്ത പേരുകളിലാണ് വിളിച്ചിരുന്നത്.[47] അവ ഓരോന്നും നാശത്തെ യാണ് സൂചിപ്പിച്ചത്."[48] ആ നരകജീവികളുടെ അന്തിമ ലക്ഷ്യം അതായിരി ക്കകൊണ്ടാകാം പരിശുദ്ധാത്മാവ് വെട്ടുക്കിളികളുടെ രാജാവിനെ "നാശം" എന്ന് വിളിച്ചത്. "അബദ്ദോൻ/അപ്പൊല്യോൻ" ആരാണ് അല്ലെങ്കിൽ എന്താണ് എന്നത് അപ്രസക്തമാണ്. പ്രധാനമെന്തെന്നാൽ മാനസാന്തരപ്പെടാത്ത പാപം ആളുകളെ നശിപ്പിക്കും: ശരീരത്തെയും, മനസിനേയും, ആത്മാവിനേയും

അതു നശിപ്പിക്കും. ദർശനത്തെ ചുരുക്കുന്നതാണ് അത്. പാപിയുടെ പാപത്തിന് ഫലം പുറപ്പെടുവിപ്പിക്കുന്നത് ദൈവവചനമാണ്.

**ഉപസംഹാരം**

പാപം വലിയ ഉപദ്രവകാരിയല്ല എന്നും അതു വാസ്തവത്തിൽ നമ്മുടെ ജീവിതത്തിൽ ഗുണത്തെ ഉയർത്തുമെന്നാണ് ലോകം പറയുന്നത്. അതിനു തിരിച്ചടിയായി, ഫലത്തിൽ ദൈവം പറയുന്നു, "പാപം ചെയ്യുന്നതെന്താണെന്ന് അറിയുന്നുവെങ്കിൽ, നോക്കി പഠിക്കുക" - പിന്നെ അവൻ ഭയപ്പെടുത്തുന്ന ജീവികളെ അഗാധകൂപത്തിൽനിന്ന് കാണിക്കുന്നു. ദൈവസന്ദേശത്തിന്റെ തോന്നൽ കിട്ടുവാൻ നിങ്ങളെ തന്നെ *ദർശനത്തിനകത്ത്* കൊണ്ടുവരിക. ദൈവത്തിന്റെ കൂടിയാലോചനകളിൽനിന്നു നീക്കം ചെയ്ത പുരുഷനോ സ്ത്രീയോ ആയി നിങ്ങളെ സങ്കൽപിക്കുക:

നിങ്ങൾ ഒരു പച്ചപ്പുൽപുറത്തുകൂടെ നടക്കുന്നു; നിങ്ങൾക്ക് മുകളിലുള്ള ആകാശം നീലനിറവും സൂര്യോഷ്മാവ് നിങ്ങളുടെ പുറകിൽ അടിക്കുന്നു. മുന്നറിയിപ്പ് കൂടാതെ, പെട്ടെന്ന് നിങ്ങളുടെ കാൽക്കീഴിൽ വലിയ ഒരു ഗർത്തം ഉണ്ടാകുകയും, നീലയും-കറുപ്പും ആയ പുക പുറപ്പെടുന്നു, സൂര്യൻ മാഞ്ഞ്, നിങ്ങൾക്ക് ചുറ്റും ഇരുട്ടാകയും ചെയ്യുന്നു. നിങ്ങളുടെ ചെവി പൊട്ടിപ്പോകുന്ന വിധത്തിലുള്ള ഒച്ച നിങ്ങൾ കേൾക്കുന്നു. പെട്ടെന്ന് നിങ്ങളുടെ പേടിസ്വപ്നങ്ങളായ ജീവികൾ നിങ്ങൾക്ക് ചുറ്റും വരികയും, ഭൂതങ്ങൾ പോലെയുള്ള ജന്തുക്കൾ വായുവിൽ കൂടെ പ്രത്യക്ഷമാകയും ചെയ്യുന്നു.

അവ അജാനുബാഹുവായ വെട്ടുക്കിളികളെ പ്രതിനിധീകരിക്കുന്നു, പക്ഷെ അവ ഭൂമിയിലെ വെട്ടുക്കിളികളിൽനിന്നു വ്യത്യസ്തമായിരുന്നു. അവ തേളിനെപോലെയുള്ള ആയുധധാരികളും, കുതിരകളുടെ ആകൃതിയോടും, രാജാക്കന്മാരുടെ കിരീടങ്ങളോടും കൂടെയായിരുന്നു. അവയ്ക്ക് മനുഷ്യരുടെ മുഖം പോലെയുള്ള മുഖവും, സ്ത്രീകളുടെ മുടിയും, സിംഹങ്ങളുടെ പല്ലുകളുമുണ്ടാ. യിരുന്നു. അവ കവച-ധാരികളും ചിറകുള്ളവയും, കാതടപ്പിക്കുന്ന ഒച്ചയോടുംകൂടെയായിരുന്നു വന്നത്.[49]

ആ പ്രദേശത്തെ തഴച്ച് വളർന്നിരുന്ന സസ്യഫലാദികളെ അവ അവഗണിച്ച വസ്തുതയാണ് നമ്മെ വ്യസനിപ്പിക്കുന്നത്; അവ നിങ്ങളുടെ അടുത്തേക്ക് എത്തിക്കൊണ്ടിരിക്കുന്നു. മനുഷ്യമുഖം പോലെയുള്ള അവയുടെ മുഖങ്ങളിൽ പ്രകടമാകുന്നത് അവിശുദ്ധമായ ആഹ്ലാദമാണ്. നിങ്ങളുടെ നെറ്റിയിൽ വിയർപ്പ് കൂടിക്കൂടി വരുന്നു. അവ നിങ്ങളുടെ നെഞ്ചിലേക്ക് ചാടിവീഴുവാൻ പോകുന്നു എന്ന പ്രതീതി നിങ്ങളുടെ ഉള്ളിലുണ്ടാകുന്നു. നിങ്ങൾ അങ്ങോട്ട് തിരിയുന്നു, ഇങ്ങോട്ട് തിരിയുന്നു. പക്ഷെ ഒരു രക്ഷയുമില്ലാതവണ്ണം, അവ നിങ്ങൾക്ക് ചുറ്റും വട്ടമിട്ടിരിക്കുന്നു.

ആ ജീവികളിലൊന്ന് അതിന്റെ വിഷം-നിറഞ്ഞ വാൽകൊണ്ട് നിങ്ങളെ കുത്തുന്നു. നിങ്ങൾ വേദനകൊണ്ട് പുളയുന്നു. ആ വിഷം നിങ്ങളുടെ ഞരമ്പുകളിൽകൂടെ നിങ്ങളുടെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിക്കുന്നതായി നിങ്ങൾക്ക് അനുഭവപ്പെടുന്നു. പിന്നെ അടുത്ത വെട്ടുക്കിളി വരുന്നു, അതുകഴിഞ്ഞ് വേറൊന്ന് മാറി മാറി വന്ന് നിങ്ങളെ ആക്രമിക്കുന്നു. അപ്പോൾ നിങ്ങൾ തളർന്നിരിക്കുന്നു. പക്ഷെ അവ വിടുന്നില്ല, നിങ്ങളുടെ കൈത്തണ്ടകളിലും, കൈകളിലും, കാലുകളിലും, പാദങ്ങളിലും, പുറത്തും, ഉടലിലും, തലയിലും, മുഖത്തുമെല്ലാം തുടരെ തുടരെ കുത്തിക്കൊണ്ടി

രിക്കുമ്പോൾ, നിങ്ങൾ കുഴഞ്ഞു വീഴും.

നിങ്ങൾ കഠിനമായ വേദനകൊണ്ട് കിടന്നു പുളയുമ്പോൾ, നിങ്ങളുടെ ചിന്തയിലേക്ക് പകുതി ഓർമ്മ വരും: “പാപത്തിന്റെ ശമ്പളം മരണമത്രെ” (റോമർ 6:23).

പാപിയിൽ പാപം ചെയ്യുന്നത് അതാണെന്ന് നാം അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു!

നാം ഇത് അറിയണമെന്ന് അവൻ എന്തിനാണ് ആഗ്രഹിക്കുന്നത്? അവൻ നമ്മെ വെറുതെ ഭയപ്പെടുത്തുകയല്ല, പിന്നെയോ നാം പാപത്തെ ഉപേക്ഷിച്ച് ദൈവത്തിലേക്ക് മടങ്ങി വരുവാൻ പ്രചോദിപ്പിക്കുകയാണ്. മാനസാന്തരപ്പെടുവാനുള്ള ആഹ്വാനം നൽകിയശേഷമാണ് യോവേലിന്ന് വെട്ടുക്കിളിയുടെ ദർശനം നൽകിയത്:

> “എന്നാൽ ഇപ്പോഴെങ്കിലും,” യഹോവ അരുളിച്ചെയ്യുന്നു, “നിങ്ങൾ പൂർണ്ണഹൃദയത്തോടും, ഉപവാസത്തോടും, കരച്ചലോടും, വിലാപത്തോടും, എങ്കലേക്ക് മടങ്ങി വരുവിൻ; ... നിങ്ങളുടെ യഹോവയായ ദൈവത്തിലേക്ക് തിരിവിൻ. അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവൻ” (യോവേൽ 2:12, 13).

യോഹന്നാന്റെ കാലത്ത് മുന്നറിയിപ്പ് ലഭിച്ചവർ അത് കാര്യമാക്കിയില്ല (വെളിപ്പാട് 9:20), എന്നാൽ നിങ്ങൾ അതു കാര്യമാക്കുവാനാണ് ഞാൻ പ്രാർത്ഥിക്കുന്നത്. നിങ്ങൾ സ്നാനമേൽക്കുവാനോ നിങ്ങളുടെ ആദ്യ സ്നേഹം യഥാസ്ഥാനപ്പെടുത്തുവാനോ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ *ഇന്നു* തന്നെ ചെയ്യുക![50]

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

“പാപത്തിന്റെ ദണ്ഡനം” എന്ന് വേറൊരു തലവാചകം ഇതിന് കൊടുക്കാം. നിങ്ങൾ ഒരു നാടകീയ മനസുള്ള വ്യക്തിയാണെങ്കിൽ, അതിനെ “അഗാധകൂപത്തിൽനിന്നുള്ള വെട്ടുക്കിളികൾ” എന്നു വിളിക്കാം.

ഒരു *പ്രത്യേക* പാപമായ “സ്വവർഗ്ഗരതിയും” അതിന്റെ അനന്തരഫലമായ പ്രസിദ്ധി-യാർജിച്ച എയിഡ്സും ചുണ്ടിക്കാണിച്ച് ഒരു പ്രസംഗമായി ഇതിനെ ഉപയോഗിക്കാം.

---

കുറിപ്പുകൾ

[1]കാൾ മെനിഞ്ചറുടെ *പാപത്തിന് എന്തുസംഭവിച്ചാലും?* (ന്യുയോർക്ക്: ഹാത്തോൺ ബുക്സ്, 1973). [2]ജിമ്മി ഹെലെൻ, *“വാട്ട് ഈസ് ഹെൽ ലൈക്ക്?” ആന്റ് അദർ സെർമൺസ്* (ഡള്ളാസ്: ക്രിസ്ത്യൻ പബ്ലിഷിങ്ങ് കമ്പനി., 1965), 22–40. [3]റൂബെൽ ഷെല്ലി, *ദ ലാമ്പ് ആന്റ് ഹിസ് എനിമീസ്: അണ്ടർസ്റ്റാന്റിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷിലേ: 20 യത്ത് സെഞ്ചുറി ക്രിസ്ത്യൻ ഫൗണ്ടേഷേൻ, 1983), 60. [4]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവെലേഷൻ*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 195. [5]ജിം മെക്ഗിൻ, *ദ ബുക്ക് ഓഫ്*

*റെവെലേഷൻ, ലുക്കിങ്ങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബോക്, ടെക്സ്: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 94. [6]പുരാതനകാലത്ത്, തുടർ-ചരിത്ര സമീപനക്കാർക്ക് ഇഷ്ടപ്പെട്ട ഒരു തീർപ്പായിരുന്നു ഇത്. [7]ക്ഷോഭജനകമായ ചില ആയിരാമാണ്ട് വാഴ്ച്ചക്കാരുടെ ഇപ്പോഴത്തെ വ്യാഖ്യാനമാണിത്. [8]ഹോമർ ഹെയ്‌ലി, *റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 233. [9]ഫ്രാങ്ക് പാക്ക് റെവെലേഷൻ, പാർട്ട് 1, ദ ലിവിങ്ങ് വേഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്: ആപർ. ബി. സ്വീറ്റ് കമ്പനി., 1965), 77-78. [10]എം. റോബർട്ട് മുതോളന്റ്, ജൂനി., *റെവെലേഷൻ: ഹോളി ലിവിങ്ങ് ഇൻ ആൻ അൺഹോളി വേൾഡ്,* ഫ്രാൻസിസ് ആസ്ബറി പ്രസ്, കമെന്ററി, ജെന. എഡി., എം. റോബർട്ട് മുതോളന്റ്, ജൂനി., (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990), 196.

[11]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്‌വിലേ ബ്രോഡ്മാൻ പ്രസ്, 1951), 158. *വെളിപ്പാട് പുസ്തകം, 1* ലെ “എന്തുകൊണ്ട് റോം വീണുപോയി” എന്ന ലേഖനം നോക്കുക. [12]ഓവൻ ഐ. ക്രൗച്ച്, *എക്സ്പോസിറ്ററി പ്രീച്ചിങ്ങ് ആന്റ് ടീച്ചിങ്ങ്: റെവെലേഷൻ* (ജോപ്ലിൻ മോ: കോളേജ് പ്രസ്, പബ്ലിഷിങ്ങ് കമ്പനി., 1985), 167. [13]ജി. ബി. കെയ്ഡ്, *എ കമെന്ററി ഓൺ ദ റെവെലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 118, 120. [14]വെളിപ്പാട് 20:1 ലെ അഗാധത്തിന്റെ താക്കോലുള്ള ദൂതനും, വെളിപ്പാട് 9 ലെ നക്ഷത്രവും ദൂതനും തമ്മിൽ, എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ, അതെന്താണ് എന്നതാണ്, ചോദിക്കാവുന്ന മറ്റൊരു ചോദ്യം? [15]വെളിപ്പാട് 12:9-ൽ പിശാചിന്റെ ദൂതന്മാരെ കുറിച്ചാണ് പറയുന്നത്. പാപം ചെയ്ത ദൂതന്മാരെ കുറിച്ച് രണ്ട് പത്രൊസ് 2:4-ൽ പറയുന്നുണ്ട്, 2 പത്രോസ് 2:4 ലെ ദൂതന്മാർ ദൈവത്തോട് മൽസരിച്ചവരായിരുന്നു എന്ന് ദൈവശ്വാസിയമല്ലാത്ത പാരമ്പര്യം പറയുന്നു. “വീണുപോയ ദൂതന്മാരെ” കുറിച്ചും പിശാചിനെ കുറിച്ചുള്ള മറ്റു ചോദ്യങ്ങൾക്കും, ഈ പുസ്തകത്തിൽ അവസാനം വരുന്ന “നിങ്ങളുടെ ശത്രുവിനെ അറിയുക,” “പിന്നീട് ഏതൊരു സർപ്പത്തെയും കൊല്ലുക” എന്നീ പാഠങ്ങൾ നോക്കുക. [16]കെജെവിയിൽ 9:1, 2, 11-ൽ “ബോട്ടംലെസ് പിറ്റ്” എന്നാണ്. വാക്യം 1, 2 ലും എൻഏഎസ്ബി പ്രയോഗം നിലനിർത്തിയിരിക്കുന്നു, ഒരുപക്ഷെ അതിന്റെ പരിചയം നിമിത്തവും, അതിന്റെ ആകർഷണീയത നിമിത്തവുമാകാം. എങ്ങനെയായാലും, വാക്യം 11-ൽ, എൻഏഎസ്ബിയിൽ “ദ അബിസ്” എന്നാണ്. [17]സെപ്‌ത്വജിന്റിൽ *ടെലിയോൺ* തർജിമ ചെയ്തിരിക്കുന്നത് “അബിസ്” എന്നാണ്. ബൈബിളിൽ പഴയനിയമത്തിൽ *ടെലിയോൺ* പൊതുവിൽ തർജിമ ചെയ്തിരിക്കുന്നത് “ഡീപ്” അല്ലെങ്കിൽ “ഡെപ്ത്” എന്നാണ്. [18]ലൂക്കൊസ് 8:31 ലും റോമർ 10:7 ലും കെജെവി “അബിസ്” എന്നത് “ഡീപ്” എന്നാണ് തർജിമ ചെയ്തിരിക്കുന്നത്. [19]പാതാളലോകത്തെ കുറിച്ച് അറിയുവാൻ, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലുള്ള “കർത്താവ് അറിയുന്നു” എന്ന പാഠത്തിലെ 1:18 ന്റെ കുറിപ്പുകൾ നോക്കുക. [20]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 145.

[21]ആൽഫ്രഡ് പ്ലമ്മർ, “ദ റെവെലേഷൻ ഓഫ് സെന്റ് ജോൺ ദ ഡിവൈൻ,” *ഇൻ ദ പുൾപിറ്റ് കമെന്ററി വാല്യം, 22, എപ്പിസിൽസ് ഓഫ് പീറ്റർ, ജോൺ ആന്റ് ജൂഡ്, ദ റെവെലേഷൻ,* എഡി. എച്ച്ഡിഎം. സ്പെൻസ് ആന്റ് ജോസഫ് എസ്. എക്സൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1950), 263. [22]വെട്ടുക്കിളികൾ നാശത്തിന്റെ ചിഹ്നമായിട്ടാണ് പഴയനിയമത്തിലുടനീളം പറയുന്നത്. (ആവർത്തനപുസ്തകം 28:42; കെജെവി; 1 രാജാക്കന്മാർ 8:37; സങ്കീർത്തനങ്ങൾ 78:46). [23]ഈ ഖണ്ഡികയിലധികവും എടുത്തത് മെറിൽ സി. ടെനി, *പ്രൊക്ലെയിമിങ്ങ് ദ ന്യൂടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ

ബുക്ക് ഹൗസ്, 1963), 46. [24]വാസ്തവത്തിൽ കൽപിച്ചതാരാണെന്ന് വേദഭാഗം പറയുന്നില്ല, എന്നാൽ അത് ദൈവത്തിൽനിന്നു വന്നതാണെന്ന് നാം മനസിലാക്കണം. [25]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിന്റെ മദ്ധ്യേ ശാന്തത" എന്ന പഠത്തിലുള്ള 144,000 പേരെ മുദ്രയിട്ടിരിക്കുന്നതിനെ അവലോകനം ചെയ്യുക. [26]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ഇവിടെ ഇതാ സർപ്പം" എന്ന പാഠത്തിലെ "അഞ്ച്" എന്ന സംഖ്യയെ പരാമർശിച്ചിരിക്കുന്നത് നോക്കുക. [27]ഇതിനു പുറമെ, ദൈവത്തിന്റെ ക്ഷമ അവസാനിക്കുന്നതിന് മുൻപ് - മാനസാന്തരപ്പെടുവാൻ *പരിമിത സമയമേ* ഉള്ളു എന്ന് അന്തർലീനമാക്കിയിരിക്കുന്നതായിട്ടാണ്, ചിലർ കരുതുന്നത്. [28]പ്രായമായവർക്കും, കുട്ടികൾക്കും ഹൃദ്രോഗികൾക്കും കൂടെ ഒഴിവ്കഴിവുണ്ട്. [29]അതുപോലെയുള്ള പഴയനിയമ പ്രയോഗങ്ങൾക്ക് ഇയ്യോബ് 3:21; യിരെമ്യാവ് 8:3 നോക്കുക. [30]ഈ വാക്യത്തെ അധികവും അക്ഷരികമായി എടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇതു മനസിലാക്കുക: ആത്മാവിന്റെ കഷ്ടത ശാരീരികമരണത്താൽ നീങ്ങിപോകുന്നതല്ല. പാപിയായി ജീവിച്ച ധനവാനായിരുന്ന മനുഷ്യൻ മരിച്ചശേഷം, [പാതാളത്തിൽ] "യാതന അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ മുകളിലേക്ക് നോക്കി" (ലൂക്കൊസ് 16:23). ഒരാൾ ക്രിസ്തുവിന് പുറത്ത് മരിക്കുമ്പോൾ, ഈ ലോകത്തിൽ അനുഭവിക്കുന്ന യാതനയേക്കാൾ വലുതായിരിക്കും മരണശേഷം അനുഭവിക്കുക.

[31]ഒരാൾ ശരിയായത് ചെയ്യുന്നതിൽ പരാജയപ്പെടുന്നതിനെ കുറിച്ചാണ് പൗലൊസ് പറയുന്നത്, എന്നാൽ പലരും ഇന്ന് ശരിയായത് ചെയ്യുവാൻ ശ്രമിക്കുന്നില്ല.എന്നിരുന്നാലും, മനസാക്ഷിയിൽ ഉണ്ടാകുന്ന ആ വേദന സർവ്വമനുഷ്യരിലുമുണ്ടാകുന്നതായിട്ടണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. [32]ക്രൗച്ച്, 167. [33]അലെൻ, 33. [34]ലിയോൺ മോറിസ്, *റെവെലേഷൻ*, റെവ. എഡി., ദ ടിൻഡെയിൽ ന്യുടെസ്റ്റമെന്റ്കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 100. [35]ബ്രൂസ് എം. മെറ്റ്സ്ജർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാൻഡിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷിലേ: അബിങ്ടൺ പ്രസ്, 1993), 58. [36]ചാൾസ് കാൽഡ്വെൽ റീറേ, റെവെലേഷൻ (ഷിക്കാഗോ, Ill.: മോണി പ്രസ്, 1968), 61. [37]യോവേൽ 1; 2 ലേയും വെളിപ്പാട് 9 ലേയും വെട്ടുക്കിളികളെ താരതമ്യം ചെയ്യുക. വിവരിച്ചിരിക്കുന്ന ചില വാക്കുകൾ ഒന്നു തന്നെയും മറ്റുള്ളവ വ്യത്യസ്തമായും കാണാം. രണ്ടിലും കുതിരകളെ കാണാമെന്നതാണ് സമാനത (യോവേൽ 2:4). വ്യത്യാസമുള്ളതെന്തെന്നാൽ യോവേൽ പ്രവചനത്തിലെ വെട്ടുക്കിളി മേഘമായിരുന്നു (യോവേൽ 2:2), എന്നാൽ വെളിപ്പാട് 9-ൽ, വെട്ടുക്കിളികൾ മേഘത്തിൽനിന്നാണ് പുറപ്പെട്ടു വന്നത്. [38]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "സമ്പന്നമായിരുന്ന ദരിദ്രസഭ " എന്നതിലേയും, *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കാഴ്ച്ചപ്പാടിൽ കാര്യങ്ങളെ ആക്കൽ" എന്നതിലേയും കിരീടങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക. [39]മൗൺസ്, 196. [40]ഇബിഡ്.

[41]കെയിഡ്, 120. [42]വെട്ടുക്കിളിക്ക് സ്ത്രീകളുടെ മുടി കൊടുത്തിരിക്കുന്നതിൽ ചിലർ അതിൽ വിഷയാസക്തി കാണുന്നു, പക്ഷെ എന്നെ സംബന്ധിച്ച്, നീ മുടി അത്തരം ജീവികൾക്കുള്ളത് അവലക്ഷണമായാണ് തോന്നുന്നത്. "പാപത്താൽ വിരൂപമായ ഒരു പുരുഷൻ" - നീണ്ടമുടിയോടുകൂടി ആയിരിക്കുന്നത് ഊഹിക്കുക. ആ വിവരണത്തിൽ ഒന്നും എന്നെ ആകർഷിക്കുന്നില്ല! [43]ആ ജീവിയുടെ ആയുധം സിംഹത്തിന്റെ പല്ലായിരുന്നില്ല, തേളിന്റെ വാലായിരുന്നു. [44]ടിഎഫ്. ഗ്ലാസൺ, *ദ റെവെലേഷൻ ഓഫ് ജോൺ*, ദ കെയിംബ്രിഡ്ജ് ബൈബിൾ കമെന്ററി ഓൺ ദ ന്യു ഇംഗ്ലീഷ് ബൈബിൾ സീരീസ് (കെയിംബ്രിഡ്ജ്: കെയിംബ്രിഡ്ജ് യൂണിവെഴ്സിറ്റി പ്രസ്, 1965), 60. [45]കെയ്ഡ്, 120. (എംഫസിസ് മൈൻ.) [46]ജി. ആർ. ബീസ്ലേ-മുറേ, *ദ ബുക്ക് ഓഫ് റെവെലേഷൻ*,

ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി സീരീസ് (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1974), 162-63. വെട്ടുക്കിളിയുടേയും മറ്റു പ്രാണികളുടേയും ചിഹ്നങ്ങളാണ് അപ്പോളോ ദേവന്റെ അനുഷ്ഠാനങ്ങളിലുള്ളത്. [47]ഉദാഹരണത്തിന്, യോവേൽ 1:4 നോക്കുക. [48]*ദ വേൾഡ് ബുക്ക് എൻസൈക്ലോപീഡിയ*, 1962 എഡി., എസ്‌വി. "ഗ്രാസ്ഹോപ്പേഴ്സ്" ബൈ കാൾ. ഡി. ഡങ്കൻ. (എംഫസിസ് മൈൻ.) [49]ഈ ഖണ്ഡിക മൈക്കിൾ വിൽക്കോക്കിന്റെ ഐ സാ ഹെവെൻ ഓപ്പെന്റ്: ദ മെസേജ് ഓഫ് റെവെലേഷൻ. ദ ബൈബിൾ സ്പീക്സ് ടുഡേ യിൽനിന്നെടുത്തതാണ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 97. [50]ഇത് ഒരു പ്രസംഗത്തിന് ഉപയോഗിക്കുകയാണെങ്കിൽ, സ്നാനപ്പെടേണ്ടതിന്റെ പ്രാധാന്യവും (പ്രവൃത്തികൾ 2:38), യഥാസ്ഥാനപ്പെടേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കുക (ഗലാത്യർ 6:1; യാക്കോബ് 5:16).

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. എന്താണ് പാപം? മതപരമായ വൃത്തത്തിനുപുറത്ത്, "പാപം" എന്ന വാക്ക് അധികം ഉപയോഗിക്കുന്നുണ്ടോ? അതിന്റെ കാരണം എന്താണ് എന്നാണ് നിങ്ങൾ വിചാരിക്കുന്നത്?
2. പാപം എങ്ങനെയാണ് "ബാഹ്യമായും, ആന്തരികമായും, നിത്യമായും" ബാധിക്കുന്നത്?
3. യോവേൽ 2 ലേയും വെളിപ്പാട് 9 ലേയും വെട്ടുക്കിളികളെ താരതമ്യം ചെയ്യുക. ഏതെല്ലാം വിധത്തിലാണ് അവ ഒരുപോലെയിരിക്കുന്നത്? ഏതെല്ലാം വിധത്തിലാണ് അവ വ്യത്യസ്തമായിരിക്കുന്നത്?
4. വെട്ടുക്കിളി കോബ്രാ ഹെലികോപ്റ്ററാണ് എന്നത് ഈ പാഠത്തിന്റെ ലേഖകൻ നിഷേധിക്കുന്നതെന്തുകൊണ്ട്?
5. പാപത്തിന്റെ നാശകരമായ സ്വഭാവത്തെ പാഠം ചൂണ്ടിക്കാണിക്കുന്നു, പാപത്തിൽ-തന്നെ "നശിപ്പിക്കുന്ന സ്വഭാവം" ഉൾപ്പെട്ടിരിക്കുന്നു എന്ന്നിങ്ങൾ സമ്മതിക്കുന്നുവോ അതോ വിസമ്മതിക്കുന്നുവോ?
6. സ്വർഗത്തിൽ നിന്നു വീണ നക്ഷത്രം ആരാണ് അല്ലെങ്കിൽ എന്താണ് എന്നാണ് നിങ്ങൾ കരുതുന്നത്?
7. "അഗാധകൂപം" എന്നാൽ എന്ത്? അത് ഗന്ധകവും തീയും കത്തുന്ന തീപൊയ്കയാണോ (അല്ലെങ്കിൽ നരകം)?
8. പുക (തുടർന്നുണ്ടായ ഇരുട്ടും) എന്തിനെ പ്രതിനിധീകരിക്കുന്നു എന്നാണ് നിങ്ങൾ കരുതുന്നത്?
9. പുരാതനലോകത്തെ ആളുകളെ "വെട്ടുക്കിളി വരുന്നു!" എന്ന് മുന്നറി യിച്ചതെന്തിനാണ്? വെട്ടുക്കിളി ബാധ ഇന്നുമുണ്ടോ?
10. വെളിപ്പാടിലെ വെട്ടുക്കിളികൾ, സാധാരണ, സ്വാഭാവികവും അക്ഷരികവുമായതാണോ? എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്?
11. എന്തുകൊണ്ട് മുദ്രയേറ്റവരെ വെട്ടുക്കിളികൾ ഉപദ്രവിച്ചില്ല? (മുദ്രയേ റ്റവർ ആരായിരുന്നു എന്ന് വിശദമാക്കുക.)
12. "അഞ്ചു മാസങ്ങൾ" എന്ന പ്രയോഗത്തിന്റെ പ്രാധാന്യമെന്ത്?

13. നിങ്ങൾ ഒരു തേളിനെ കണ്ടിട്ടുണ്ടോ? നിങ്ങൾക്ക് അതിന്റെ കുത്ത് കിട്ടിയിട്ടുണ്ടോ? ആർക്കെങ്കിലും അനുഭവപ്പെട്ടത് അറിയാമെങ്കിൽ പറയുക.
14. ഉപദ്രവിക്കപ്പെട്ടവർക്ക് മരിക്കുവാൻ കഴിഞ്ഞില്ല എന്ന് വേദഭാഗത്തു പറയുവാൻ കാരണമെന്താണ്?
15. പാപജീവിതത്തിൽ അന്തർ-ലീനമായിരിക്കുന്ന അനന്തരഫലങ്ങ ളേവ?
16. വെട്ടുക്കിളികളെ യോഹന്നാൻ വിവരിക്കുന്നതും - ഓരോ വിശ ദാംശങ്ങളും തമ്മിലുള്ള ബന്ധം വിവരിക്കുക.
17. "അബദ്ദോൻ," "അപ്പൊല്ല്യോൻ" എന്നീ പേരുകളുടെ അർത്ഥമെന്ത്? അത് വ്യക്തിയിൽ പാപഫലം ഉളവാക്കുന്നതെങ്ങനെ?
18. വിശദാംശങ്ങൾ പഠിച്ചുകഴിഞ്ഞ ശേഷം, ദർശനം *മൊത്തത്തിൽ ന ൽകുന്ന പ്രതീതിയാണ്* മുഖ്യം. വെട്ടുക്കിളിയിൽനിന്ന് *നിങ്ങൾക്ക്* ലഭിച്ച പ്രതീതി എന്താണ്? അവയാലുള്ള ആക്രമണം നിങ്ങൾ ആഗ്ര ഹിക്കുന്നുണ്ടോ? അത്തരം ഉപദ്രവം നമുക്ക് എങ്ങനെ ഒഴിവാക്കാം?



അഗാധകൂപത്തിൽനിന്നുള്ള വെട്ടുക്കിളികൾ (9:1–11)



തേളിന്റെ ഉപദ്രവം (9:5)



ദർശനത്തിൽനിന്നുള്ള ഒരു വെട്ടുക്കിളി (9:7–10)